കമ്പ്യൂട്ടറുകളിലേക്ക് അയച്ചുകൊടുക്കും. അതിൽനിന്നും പ്രിൻസിപ്പലിന്റെയും എക്സാമിനേഷനുവേണ്ടി "ഒബ്സർവർ" ആയി കോളേജിന് പുറത്ത് നിന്ന് നിയമിക്കുന്ന അദ്ധ്യാപകന്റേയും പാസ്‌വേഡുകൾ നൽകി നിശ്ചിത എണ്ണം ചോദ്യപേപ്പറുകൾ പ്രിന്റ് ചെയ്ത് എടുക്കാം. നിശ്ചിത എണ്ണം പ്രിന്റുചെയ്തുകഴിഞ്ഞാൽ കമ്പ്യൂട്ടറിൽ നിന്നും ചോദ്യപേപ്പർ ഡിലീറ്റ് ചെയ്തുപോകും.

(ബി) പരീക്ഷ നടത്തിപ്പിന്റെ സംവിധാനം ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്. പരീക്ഷാ നടത്തിപ്പിനുവേണ്ട സംവിധാനങ്ങളായ പ്രിന്റർ, സ്കാനർ, കമ്പ്യൂട്ടർ, പരീക്ഷാ കൺട്രോൾ റൂമിൽ സ്ഥാപിക്കുന്ന ക്യാമറകൾ, പരീക്ഷാ മാനേജ്മെന്റ് സോഫ്റ്റ്വെയർ എന്നിവ ഓരോ പരീക്ഷാ കേന്ദ്രത്തിലും ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നത്.

(സി) കേരള സംസ്ഥാന ഐ.ടി. മിഷന്റെ "ഇ-ടെണ്ടർ" സംവിധാനം വഴി മത്സരാധിഷ്ഠിത ടെണ്ടർ വഴിയാണ് ഔട്ട്സോഴ്സ് ചെയ്ത ഏജൻസിയെ കണ്ടെത്തിയത്.

(ഡി) ഇപ്പോൾ നിലവിലുള്ള പരീക്ഷ മാനേജ്മെന്റ് സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ സംവിധാനത്തിൽ പ്രവർത്തിക്കുകയില്ല. എന്നാൽ ഈ സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ പ്രവർത്തിക്കുന്നതിനാവശ്യമായ മാറ്റം വരുത്തിവരികയാണ്.

നിയമസഭാ സമിതി റിപ്പോർട്ട്

132 (1209) ശ്രീ. പാലോട് രവി :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യെ സംബന്ധിച്ച് പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന (1), (3) വിഷയങ്ങൾ ക്ലബ്ബ് ചെയ്ത് ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സമിതിയുടെ 2-ാം നിഗമനത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശാനുസരണം വി.ഇ.2 /2012/ എസ്.ഐ.യു.II എന്ന നമ്പരിൽ അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വി.സി.01/15/എസ്.ഐ.യു.II എന്ന വിജിലൻസ് കേസ് 20-4-2015-ൽ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. കേസ് അന്വേഷണം പുരോഗമിച്ചുവരുന്നു. വി.ഇ.1/2012/ എസ്.ഐ.യു.II എന്ന നമ്പരായി മറ്റൊരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ

133 (1210) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനിയറിങ്ങ് കോളേജിലും തൃശ്ശൂർ എൻജിനിയറിംഗ് കോളേജിലും പബ്ലിക് - പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഏതെങ്കിലും വിദേശ കമ്പനിയുമായി ചേർന്ന് പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിച്ചത് ;

(സി) പ്രസ്തുത കോഴ്സുകൾക്കുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആവശ്യങ്ങൾക്ക് നാളിതുവരെ എത്ര തുക ചെലവ് ചെയ്തുവെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly